بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 16.05.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*16.05.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## തൗഹീദ് എന്നത് മനുഷ്യൻ തന്റെ അസ്തിത്വത്തെ ഇല്ലാതാക്കലാണ്

*തശഹ്ഹുദും തഅവ്വുദും സൂറഫാതിഹ തിലാവത്തിനും ശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:*

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയിൽ ലയിച്ചു കൊണ്ട് വിശുദ്ധ ഖുർആന്റെ കല്പനകളേയും അല്ലാഹുവിന്റെ തൗഹീദിനേയും മനസ്സിലാക്കുകയുണ്ടായിഎന്ന് ഞാൻ പറഞ്ഞിരുന്നു. കാരണം തൗഹീദിന്റെ യഥാർഥ വിഷയം നബി(സ)തിരുമേനിയുടെ മാധ്യസ്ഥത കൂടാതെ മനസ്സിലാക്കാൻ സാധിക്കുകയില്ല. വിശുദ്ധ ഖുർആന്റെ അറിവും കരസ്ഥമാക്കാൻ പറ്റുകയില്ല.അതുകൊണ്ട് **ലാഇലാഹ ഇല്ലല്ലാഹ്** എന്നതിനോടൊപ്പം **മുഹമ്മദു റസൂലുല്ലായും** നിർബന്ധമാണ്. മുഹമ്മദു റസൂലുല്ലാഹ് തന്നെയാണ് ലാഇലാഹ ഇല്ലല്ലായുടെ യഥാർഥവും കർമപരവുമായ മാതൃകയും ഉദാഹരണവും. എന്തായാലും ഇന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) തൗഹീദിനെ സംബന്ധിച്ച് പറഞ്ഞ ചില മാർഗനിർദേശങ്ങൾ സമർപിക്കുന്നതാണ്. അതായത് സത്യസന്ധമായ തൗഹീദ് എന്താണ്? തൗഹീദിന്റെ യാഥാർഥ്യമെന്താണ്? എങ്ങനെ പ്രവർത്തിക്കുന്നതിലൂടെയാണ് മനുഷ്യൻ യഥാർഥ ഏകദൈവവിശ്വാസി എന്നു പറയപ്പെടുന്നത്?

സൂറത്തുന്നാസിന്റെ വ്യാഖ്യാനത്തിൽ ഇലാഹിന്നാസിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഈ സൂറത്തിൽ അല്ലാഹു ആദ്യം റബ്ബുന്നാസ് എന്നു പറഞ്ഞിരിക്കുന്നു. പിന്നീട് മലിക്കിന്നാസ് എന്നു പറഞ്ഞിരിക്കുന്നു. അവസാനം ഇലാഹിന്നാസും. അവനാണ് മനുഷ്യന്റെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും. ഉദ്ദേശ്യത്തേയും ആരാധിക്കപ്പെടുന്നവനേയും ലക്ഷ്യത്തേയുമാണ് ഇലാഹ് എന്നു പറയുന്നത്. **ലാഇലാഹ ഇല്ലല്ലാഹ്** എന്നതിന്റെ അർഥം **ലാ മഅ്ബൂദ ലീ, വലാ മഖ്സൂദ ലീ, വലാ മത്‌ലൂബ ലീ ഇല്ലല്ലാഹ്** എനിക്ക് ആരാധ്യനില്ല, എനിക്ക് ഉദ്ദേശ്യമില്ല, എനിക്ക് ലക്ഷ്യമില്ല; അല്ലാഹു അല്ലാതെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഇതാണ് സത്യമായ തൗഹീദ്. എല്ലാ സ്തുതിയ്ക്കും എല്ലാ പ്രശംസയ്ക്കും അർഹനായി അല്ലാഹുവിനെ മാത്രമാക്കുക. എത്രത്തോളം സ്തുതികളുണ്ടോ അതെല്ലാം അല്ലാഹുവുമായിട്ട് മാത്രം ബന്ധിക്കുക. സ്തുതികളെല്ലാം അല്ലാഹുവിലേക്ക് തന്നെ പോകുന്നു. അവനു മാത്രമാണ് അത് അലങ്കാരം. ഇതാണ് യഥാർഥ തൗഹീദ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, എല്ലാ ഉദ്ദേശ്യങ്ങളുടേയും പ്രദാതാവും എല്ലാ രോഗങ്ങളുടേയും പ്രതിവിധിയും ചികിത്സയും ആ ഏകനായ സത്തയാണ്. **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിന്റെ അർഥം ഇതാണ്. സൂഫിയാക്കൾ ഇലാഹ് എന്ന പദത്തിന് ഉദ്ദേശ്യമെടുത്തിട്ടുള്ളത് പ്രേമലക്ഷ്യം, ഉദ്ദേശ്യം, ആരാധ്യൻ, എന്നിങ്ങനെയാണ്. സാക്ഷാൽ സത്യം ഇതുതന്നെയാണ്. മനുഷ്യൻ സമ്പൂർണമായ നിലയിൽ പ്രവർത്തിക്കാത്തിടത്തോളം അവനിൽ ഇസ്‌ലാമിനോടുള്ള സ്നേഹവും മഹത്ത്വവും നിലനില്ക്കുകയില്ല. *(ലാഇലാഹ ഇല്ലല്ലാഹ് എന്നതിനു മേൽ യഥാർഥമായ നിലയിൽ പ്രവർത്തിക്കുമ്പോഴാണ് ഇസ്‌ലാമിനോടുള്ള സ്നേഹവും മഹത്ത്വവും സ്ഥാപിതമാകുന്നത്, ഇല്ലെങ്കിൽ വെറും പറച്ചിൽ മാത്രമായിരിക്കും.)*

തൗഹീദിന്റെ യാഥാർഥ്യവും ഒരു സത്യവിശ്വാസിയുടെ നിലവാരമെന്തായിരിക്കണം എന്നതിനേയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഭരണാധികാരികളുടെ മുമ്പിൽ കുമ്പിട്ടു നിൽക്കുന്നവരുടേയും അവരിൽ നിന്ന് പാരിതോഷികങ്ങളോ ബഹുമതികളോ പ്രാപിക്കുന്നവരുടേയും മനസ്സുകളിൽ അവർക്കു കൊടുക്കുന്ന മഹത്ത്വം അല്ലാഹുവിന് കൊടുക്കുന്ന മഹത്ത്വംപോലെയായിരിക്കും. അവരെ ആരാധിക്കുന്നവരായിത്തീരുന്നു. ഈ ഒരു കാര്യമാണ് തൗഹീദിനെ ഉന്മൂലനം ചെയ്യുന്നത്. *(തൗഹീദിന്റെ നിലവാരത്തെ നശിപ്പിച്ചുകളയുന്നു).* മനുഷ്യനെ അവന്റെ യഥാർഥ ഉദ്ദേശ്യത്തിൽനിന്ന് പൊക്കിയെടുത്ത് ദൂരത്തേക്കെറിയുന്നു. കാര്യഹേതുക്കളും *(കാര്യഹേതുക്കൾ= ലക്ഷ്യം നിറവേറ്റാനുള്ള ഉപാധികൾ. മാർഗങ്ങൾ തുടങ്ങിയവ. വിവ:)* തൗഹീദും തമ്മിൽ വൈരുധ്യം ഉണ്ടാവരുതെന്നാണ് പ്രവാചകന്മാർ(അ) പറയുന്നത്. എന്നല്ല ഓരോന്നും അതാതിന്റെ സ്ഥാനത്ത് നിലകൊള്ളണം. അടിസ്ഥാനം തൗഹീദിൽ ചെന്ന് നില്ക്കണം. എല്ലാ ആദരവുകളും എല്ലാ സൗഖ്യങ്ങളും ആവശ്യങ്ങളെല്ലാം നിറവേറ്റുന്നതും അല്ലാഹുമാത്രമാണെന്ന് മനുഷ്യനെ പഠിപ്പിക്കാൻ പ്രവാചകന്മാർ ആഗ്രഹിക്കുന്നു. അവനെതിരിൽ മറ്റൊന്നിനെ സ്ഥാപിക്കുകയാണെങ്കിൽ വിപരീതമായി നില്ക്കുന്ന രണ്ടെണ്ണം ഏറ്റുമുട്ടുന്നതിനാൽ ഒന്ന് നശിക്കുമെന്നത് വ്യക്തമായും പ്രകടമാ

ണ്. അതുകൊണ്ട് പ്രഥമമായും അല്ലാഹുവിന്റെ തൗഹീദ് സ്ഥാപിതമാകണം. കാര്യഹേതുക്കളെ ഉപയോഗപ്പെടുത്തുക. അവയെ ദൈവമാക്കാതിരിക്കുക. (കാര്യഹേതുക്കളെ പ്രയോജനപ്പെടുത്തേണ്ടത് നിർബന്ധമാണ്. അല്ലാഹു നല്കിയിട്ടുള്ള മാർഗങ്ങളേയും മാധ്യമങ്ങളേയും ശരിക്കും ഉപയോഗപ്പെടുത്തുക. പക്ഷേ, അവയെ ദൈവമാക്കരുത്. തൗഹീദിനെ മുന്തിക്കണം). ഈ തൗഹീദിൽ നിന്ന് ഒരു സ്നേഹം അല്ലാഹുവനോട് ഉണ്ടാകുന്നു. അങ്ങനെ, ലാഭവും നഷ്ടവും അവന്റെ കൈയിലാണെന്ന് മനുഷ്യൻ മനസ്സിലാക്കുന്നു. യഥാർഥ ഉപകാരി അവൻ തന്നെയാണ്. ഓരോ തരിയും അവനിൽ നിന്നാണ്. മറ്റൊന്നും ഇടയ്ക്ക് കയറിവരുന്നില്ല. ഈ പരിശുദ്ധാവസ്ഥ മനുഷ്യൻ കരസ്ഥമാക്കുമ്പോൾ അവൻ ഏകദൈവവിശ്വാസി എന്നു പറയപ്പെടുന്നു. *(ഈ അവസ്ഥ ഉണ്ടായിത്തീരുമ്പോൾ പൂർണമായ ബന്ധനം അല്ലാഹുവിലായിരിക്കും. ഇടയ്ക്കാരും ഉണ്ടാകുകയില്ല. അപ്പോഴാണ് ഏകദൈവവിശ്വാസി എന്ന് പറയപ്പെടുക).* ചുരുക്കിപ്പറഞ്ഞാൽ ഒരു തൗഹീദിന്റെ അവസ്ഥ എന്ന് പറയുന്നത് മനുഷ്യൻ കല്ലുകളേയോ, മനുഷ്യരേയോ മറ്റേതെങ്കിലും വസ്തുക്കളേയോ ദൈവമാക്കാതിരിക്കുക എന്നതാണ്. എന്നല്ല അവയെ ദൈവമാക്കുന്നതിൽ നിന്ന് ജാഗരൂകനാകുകയും വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്യുക. രണ്ടാമത്തെ അവസ്ഥ എന്നു പറയുന്നത് കാര്യഹേതുക്കളുടെ*(കാര്യഹേതുക്കൾ= ലക്ഷ്യം നിറവേറ്റാനുള്ള ഉപാധികൾ, മാർഗങ്ങൾ തുടങ്ങിയ വ. വിവ:)* അതിര് ലംഘിക്കാതിരിക്കുക എന്നതാണ്. *(അതായത് കാര്യഹേതുക്കളെ അമിതമായി ആശ്രയിക്കാതിരിക്കുക. അതിര് ലംഘിക്കാതിരിക്കുക. അതു തന്നെയാണ് എല്ലാമെന്ന് കരുതാതിരിക്കുക).*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, മൂന്നാമത്തെ ഇനം എന്നു പറയുന്നത്, ശരീരേച്ഛകളെ ഇടയ്ക്കുനിന്ന് ഇല്ലാതാക്കുക എന്നതാണ്. (അതായത് തൗഹീദ് സ്ഥാപിക്കാൻ മൂന്നാമതു വേണ്ട കാര്യം സ്വയേച്ഛകളെ തുടച്ചു നീക്കുകയും വ്യക്തിപരമായ എല്ലാ ഉദ്ദേശ്യങ്ങളും അവസാനിപ്പിക്കുകയും ചെയ്യുക എന്നതാണ്.). അത് ലവലേശം ഇല്ലാതാക്കുക. ചില ഘട്ടങ്ങളിൽ മനുഷ്യന്റെ ദൃഷ്ടിക്കു കീഴെ സ്വന്തം ഗുണവും കഴിവുമൊക്കെ പൊന്തിവരാറുണ്ട്. *(മിക്കപ്പോഴും മനുഷ്യന്റെ ചില കർമങ്ങളിൽ സ്വന്തം നന്മയിലും സ്വന്തം കഴിവിലുമുള്ള ബന്ധനം കാണാറുണ്ട്. തന്റെ കഴിവുകൊണ്ടാണ് എല്ലാം ഉണ്ടാകുന്നതെന്ന ധാരണ. അതായത് ഇന്ന നന്മ താൻ തന്റെ കഴിവുകൊണ്ടാണ് ചെയ്തതെന്ന വിചാരം ഉണ്ടാകുന്നു. തന്റെ കഴിവിൽ എത്ര മാത്രം വിശ്വാസമർപിക്കുന്നുവെന്നാൽ, എല്ലാ കർമങ്ങളും താൻ തന്നെ ചെയ്തുവെന്ന് കരുതുന്നു. സ്വന്തം കഴിവുകൾക്ക് ഒരു പ്രസക്തിയുമില്ല എന്ന് വിചാരിക്കുമ്പോഴാണ് ഏകദൈവവിശ്വാസിയായിത്തീരുന്നത്.)*

ഏ റസൂൽ! നീ അവരോട് പറയുക. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുവിൻ. അല്ലാഹു നിങ്ങളെ അവന്റെ സ്നേഹിതരാക്കും. നബി(സ)തിരുമേനിയെ പരിപൂർണമായും പിൻപറ്റൽ മനുഷ്യനെ ദൈവസ്നേഹിതന്റെ സ്ഥാനം വരെ കൊണ്ടെത്തിക്കുന്നു. ഇതിൽ നിന്ന് മനസ്സിലാകുന്നത് നബി(സ)തിരുമേനി സമ്പൂർണ തൗഹീദിന്റെ മാതൃകയായിരുന്നുവെന്നാണ്. യഹൂദികൾ തൗഹീദിൽ വിശ്വസിക്കുന്നവരാണെങ്കിൽ ഇത്തരം ഏകദൈവവിശ്വാസിയിൽനിന്ന് അകന്നിരിക്കാൻ ഒരു കാരണവുമില്ല. *(അതായത് അവർ നബി(സ)തിരുമേനിയെ വിശ്വസിക്കണമായിരുന്നു).* അല്ലാഹുവിന്റെ ഖാത്തമുർറുസുലിനെ നിഷേധിക്കലും ശത്രുതപുലർത്തലും ഭയാനകമായ കാര്യമാണെന്ന് അവർ ഓർമിക്കണമായിരുന്നു. പക്ഷേ, അവർ വകവെച്ചില്ല. അവരുടെ ഗ്രന്ഥത്തിൽ ആ മഹാത്മാവിനെക്കുറിച്ച് പ്രവചനം ഉണ്ടായിരുന്നിട്ടുകൂടിയാണിത്. പക്ഷേ, അവർ നിഷേധിച്ചു. ഇതിനു കാരണം **ഖസത് ഖുലൂബുഹും** *(അവരുടെ ഹൃദയം കടുത്തുപോയി)*എന്നതല്ലാതെ മറ്റെന്താണ്?

ഒരവസരത്തിൽ ഹദ്റത്ത് ഈസാ(അ)യെ സംബന്ധിച്ചുള്ള തെറ്റായ വിശ്വാസത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ഇസ്ലാം പവിത്രവും കളങ്കരഹിതവുമായ തൗഹീദുമായിട്ട് വന്നു. അതിന്റെ മാതൃകയും പേരും അടയാളവുംകൂടി മറ്റു ജാതികളിലോ മതങ്ങളിലോ കാണാൻ കഴിയില്ല. എത്രത്തോളമെന്നാൽ, മുമ്പേയുള്ള ഗ്രന്ഥങ്ങളിലും അല്ലാഹുവിന്റെ ഏകത്വം വിവരിക്കപ്പെട്ടിരിക്കുന്നുവെങ്കിലും, എല്ലാ പ്രവാചകന്മാരുടേയും വരവിന്റെ ഉദ്ദേശ്യവും തൗഹീദിന്റെ പ്രചാരണം തന്നെയായിരുന്നുവെങ്കിലും ഏതൊരു ശൈലിയിലും രീതിയിലും ഖാത്തമുൽ അമ്പിയാ(സ) തൗഹീദു കൊണ്ടുവന്നുവോ ഏതൊരു മട്ടിലും മാതിരിയിലും വിശുദ്ധ ഖുർആൻ തൗഹീദിന്റെ നിലകൾ തുറന്ന നിലയിൽ വിവരിച്ചുവോ അതിന്റെ വിവരം പോലും മറ്റൊരു ഗ്രന്ഥത്തിലും ഇല്ല എന്നത് എന്റെ വിശ്വാസമാണ്. പിന്നീട് അത്തരം പരിപാവനമായ ഉറവിനെ കലക്കിക്കളയാൻ അവർ ആഗ്രഹിച്ചു. *(അതായത് ഈസാ(അ) മരിച്ചിട്ടില്ല എന്നു വിശ്വസിക്കുകയും അല്ലാഹുവിന് സമാനനായി ചിലയിടങ്ങളിൽ അദ്ദേഹത്തെ എഴുന്നേല്പിച്ച് നിറുത്തുകയും എന്നിട്ടും തങ്ങൾ മുസ്ലീംകളാണെന്ന് പറയുകയും ചെയ്യുന്ന തന്റെ എതിരാളികളെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു):* അത്തരം പരിശുദ്ധമായ ഉറവിനെ അവർ അതായത് മുസ്ലീംകളെന്ന് പറയുന്നവർ കലക്കാൻ ആഗ്രഹിച്ചപ്പോൾ ഇനി ഇസ്ലാമിനെ നിന്ദിക്കാൻ എന്താണ് അവർക്ക് ബാക്കിയുള്ളത്. ഇതിൽ അവരുടെ ദൗർഭാഗ്യമെന്നു പറയുന്നത്, നബി (സ) തിരുമേനി കൊണ്ടു വന്നിട്ടുള്ള സാക്ഷാൽ ഇസ്ലാം അവരുടെ മുമ്പിൽ സമർപിക്കപ്പെടുമ്പോൾ, നിങ്ങൾ അബദ്ധത്തിലാണുള്ളതെന്ന് ഖുർആൻകൊണ്ട് സ്ഥാപിച്ചു കാണിക്കുമ്പോൾ 'ഞങ്ങളുടെ പൂർവ പിതാക്കന്മാർ ഇതുപോലെയാണ് വിശ്വസിച്ചുവന്നതെന്ന്' അവർ പറയുന്നു. എന്നാൽ, ഞാൻ അവരോടു ചോദിക്കുന്നു, ഇതുമാത്രം പറഞ്ഞ് അവർക്ക് രക്ഷപ്പെടാൻ സാധിക്കുമോ? ഇല്ല. പ്രത്യുത വിശുദ്ധ ഖുർആൻ അനുസരിച്ച്, അല്ലാഹുവിന്റെ പുരാതനമായ നടപടിക്രമമനുസരിച്ച് ഈ പറച്ചിലുകൊണ്ടും ഒരു ഹുജ്ജത്ത് അവരിൽ പൂർണമാകുന്നു. അല്ലാഹു നിയോഗിച്ച ആളും ദൂതന്മാരും വന്നപ്പോഴെല്ലാം അവരുടെ അധ്യാപനങ്ങൾ കേട്ടിട്ട് എതിരാളികൾ പറഞ്ഞു വന്നത് ഇതുതന്നെയാണ്. **മാ സമിഅ്നാ ബിഹാദാ ഫീ ആബായിനൽ അവ്വലീൻ** അതായത് ഞങ്ങൾക്കു മുമ്പേ പൂർവപിതാക്കളിലും ഇത്തരം സംഭവം ഉണ്ടായതായി ഞങ്ങൾ കണ്ടിട്ടില്ല, കേട്ടിട്ടുമില്ല.

തൗഹീദിനേയും കാര്യഹേതുക്കളിലുള്ള *-ലക്ഷ്യം നിറവേറ്റാനുള്ള ഉപാധികൾ, മാർഗങ്ങൾ തുടങ്ങിയവയിലുള്ള* അന്യാരാധനേയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: **അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹ് അശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാഹ്** എന്ന് നാവു കൊണ്ടു മാത്രം പറയുന്നതിന്റെ പേരല്ല തൗഹീദ്. മറിച്ച് തൗഹീദിന്റെ അർഥം ദൈവമഹത്ത്വം ഹൃദയത്തിൽ നല്ലവണ്ണം കുടിയിരിക്കുക എന്നാണ്. അവനു മുന്നിൽ മറ്റൊരു വസ്തുവിന്റേയും മഹത്ത്വം ഹൃദയത്തിൽ സ്ഥാനം പിടിക്കാൻ പാടില്ല. എല്ലാ ഓരോ കർമത്തിന്റേയും അനക്കമടക്കത്തിന്റേയും മടക്കസ്ഥാനം അല്ലാഹുവിന്റെ സത്തയാണെന്ന് മനസ്സിലാക്കുക. എല്ലാ കാര്യത്തിലും അവനിൽ വിശ്വാസമർപിക്കുക. ഒരു അന്യ ദൈവത്തിലും ഒരു തരത്തിലുള്ള ദൃഷ്ടിയും വിശ്വാസമർപിക്കലും ഒരിക്കലും ഉണ്ടാകരുത്. അല്ലാഹുവിന്റെ സത്തയിലും ഗുണവിശേഷങ്ങളിലും ഒരു തരത്തിലുള്ള അന്യാരാധനയും അനുവദനീയമാക്കാതിരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ചുരുക്കത്തിൽ സൃഷ്ടിപൂജയെ ഇപ്പോൾ ആരും അംഗീകരിക്കുന്നില്ല. എന്നാൽ, കാര്യഹേതുക്കളിലുള്ള അന്യാരാധന, ഒത്തിരിയാളുകൾക്ക് മനസ്സിലാകാത്ത അന്യാരാധനയാണ്. ഉദാഹരണത്തിന് കർഷകൻ പറയുന്നു കൃഷിയിറക്കിയില്ലെങ്കിൽ അത് ഫലം കൊണ്ടുവരികയില്ല. അതുവരെ ജീവിതവും മുടങ്ങും. ഇതുപോലെതന്നെ ഓരോ ജോലിക്കാർക്കും തങ്ങളുടെ ജോലിയിലാണ് വിശ്വാസം. തങ്ങൾ ഇതു ചെയ്തില്ലെങ്കിൽ പിന്നെ ജീവിക്കാൻ പറ്റില്ല എന്നാണ് അവർ ധരിച്ചു വെച്ചിരിക്കുന്നത്. ഇതിന്റെ പേരാണ് കാര്യഹേതു (അസ്ബാബ് പ്രസ്തി)പൂജ. അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളിൽ വിശ്വാസമില്ലാത്തത് കൊണ്ടാണിത്. ജോലിയും മറ്റും പോട്ടെ. വെള്ളം, വായു, ഭക്ഷണം, ഏതെല്ലാം വസ്തുക്കളിലാണോ ജീവിതം നിലനില്ക്കുന്നത് അതൊന്നും അല്ലാഹുവിന്റെ അനുമതിയില്ലാതെ മനുഷ്യന് ഒരു ഗുണവും ചെയ്യുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഒരു ഇൽഹാമാണ് **അൻത മിന്നീ വ അന മിൻക** ആ മഹാത്മാവിനോടു ചോദിക്കപ്പെട്ടു. നീ എന്നിൽനിന്നാണ് ഞാൻ നിന്നിൽനിന്നാണ് എന്ന ഇൽഹാം തൗഹീദിനു വിരുദ്ധമാണെന്ന് ചിലർ ആക്ഷേപിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, നീ എന്നിൽനിന്നാണ് എന്നത് സുവ്യക്തമാണ്. ഇതിൽ ഒരു തരത്തിലുള്ള ആക്ഷേപമോ വിമർശനമോ ഉന്നയിക്കാൻ പറ്റില്ല. എന്റെ വെളിപ്പെടൽ അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടു മാത്രമാണ്. അവനിൽനിന്നാണ്. *(അതായത് അൻത മിന്നീ എന്നതിന്റെ അർഥം തന്നെ എന്തൊന്ന് കിട്ടിയോ അതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ കിട്ടിയെന്നാണ്. അല്ലാഹു നല്കി എന്നാണ്.)*

പിന്നീട് **അന മിൻക** ഞാൻ നിന്നിൽ നിന്നാണ് എന്നതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'അതിന്റെ യാഥാർഥ്യം മനസ്സിലാക്കുന്നതിനുവേണ്ടി ഓർമിക്കേണ്ട കാര്യം ഇല്ലായ്മയുടെ സമ്പൂർണമായ പദവിയിൽ എത്തിയ മനുഷ്യൻ പുതിയതും പരിപവിത്രവുമായ ഒരു ജീവിതം കരസ്ഥമാക്കി കഴിഞ്ഞു. അവനെ സംബോധന ചെയ്ത് അല്ലാഹു പറഞ്ഞു, **അൻത മിന്നീ** നീ എന്നിൽ നിന്നാണ്. അത് അവന്റെ സാമീപ്യത്തിന്റേയും ദൈവജ്ഞാനത്തിന്റേയും യാഥാർഥ്യം പരിചയമുള്ളതായിതീർന്നിരിക്കുന്നു എന്നതിന് തെളിവാണ്. ഈ മനുഷ്യൻ അല്ലാഹുവിന്റെ തൗഹീദിന്റേയും അവന്റെ ആദരവിന്റേയും മഹത്ത്വത്തിന്റേയും പ്രതാപത്തിന്റേയും വെളിപ്പെടലിന് കാരണമായി ഭവിക്കുന്നു. അവൻ അല്ലാഹുവിന്റെ അസ്തിത്വത്തിന് ദൃക്സാക്ഷിയും ജീവസുറ്റ തെളിവുമാകുന്നു. ഈ വർണത്തിലും ഈ അടിസ്ഥാനത്തിലും അല്ലാഹുവിന്റെ വെളിപ്പെടൽ അവനിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ വെളിപ്പെടലിനുള്ള ഒരു സ്ഫടികമായിത്തീരുന്നു. ഈ അവസ്ഥയിൽ അവന്റെ അസ്തിത്വം ദൈവം വെളിപ്പെടുന്ന കണ്ണാടിയാകുമ്പോൾ അവനുവേണ്ടി പറയുന്നതാണ് **വ അന മിൻക** ഞാൻ നിന്നിൽ നിന്നാണ് എന്നത്. **അന മിൻക** യുടെ അശരീരി കേൾക്കുന്ന മനുഷ്യൻ ലോകത്ത് വരുന്നത് ദൈവാരാധനയുടെ പേരും അടയാളവും അശേഷം ഇല്ലാതാകുന്ന കാലത്താണ്. ഇക്കാലത്തും ലോകത്ത് പാപങ്ങളും കുറ്റകൃത്യങ്ങളും ഒരുപാട് വർധിച്ചു കഴിഞ്ഞിരിക്കുന്നു. ദൈവത്തെ തിരിച്ചറിയാനും ദൈവത്തെ പരിചയപ്പെടാനുമുള്ള മാർഗങ്ങൾ കാണാൻ കഴിയുന്നില്ല. അങ്ങനെ അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചു. അല്ലാഹുവിനെകുറിച്ച് ശ്രദ്ധയില്ലാത്തവർക്കും വിവരമില്ലാത്തവർക്കും അവനെക്കുറിച്ച് അറിയിച്ചു കൊടുക്കുന്നതിനു വേണ്ടി അവന്റെ അനുഗ്രഹവും കൃപയുംകൊണ്ടാണ് അവൻ എന്നെ നിയോഗിച്ചത്. അറിയച്ചുകൊടുക്കുക മാത്രമല്ല പ്രത്യുത സത്യസന്ധതയോടും സഹനത്തോടും കൂറോടും കൂടി ഈ ഭാഗത്തേക്ക് അവരെ കൊണ്ടുവവരികയും അല്ലാഹുവിനെ കാണിച്ചുകൊടുക്കുകയും ചെയ്യുക. ഇതിന്റെ അടിസ്ഥാനത്തിൽ അല്ലാഹു എന്നോടു പറഞ്ഞു, **'അൻതമിന്നീ വ അന മിൻക'.** ഞാൻ വീണ്ടും പറയുന്നു, ഇസ്ലാമിന്റെ അസൽ വേര് തൗഹീദാണ്. അതായത് അല്ലാഹു അല്ലാതെ ഒരു വസ്തുവും മനുഷ്യന്റെ ഉള്ളിൽ ഉണ്ടാകരുത്. അവനിൽ എന്തു തന്നെ മുസ്വീബത്തും ബലാകളും വന്നാലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും പഴിക്കുന്നവരാകരുത്. ദുഃഖവും വിഷമവും ഉണ്ടായാലും വായിൽനിന്ന് പരാതി ഉണ്ടാകരുത്. മനുഷ്യനിൽ ബലാകൾ ഉണ്ടാകുന്നത് അവനെക്കൊണ്ടു തന്നെയാണ്. അല്ലാഹു അക്രമം ചെയ്യുകയില്ല. അതേ, ചിലപ്പോഴൊക്കെ സത്യവാന്മാരിലും ബലാകൾ വരാറുണ്ട്. എന്നാൽ, മറ്റുള്ളവരാണ് അതിനെ ബലാ ആയിട്ട് മനസ്സിലാക്കുന്നത്. യഥാർഥത്തിൽ അത് ബലാ അല്ല. അത് സമ്മാനം കിട്ടാൻപോകുന്നു എന്ന വിളംബരമാണ്. അതുമുഖേന അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിക്കുന്നു. അവരുടെ സ്ഥാനം ഉയരുന്നു. അതിനെ മറ്റുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. പക്ഷേ, അല്ലാഹുവുമായി ബന്ധമില്ലാത്തവരിൽ അവരുടെ ദുഷ്കൃത്യഫലം എന്തെങ്കിലും ബലാ കൊണ്ടുവന്നാൽ അവർ കൂടുതൽ വഴിപിഴക്കുന്നു. **ഫീ ഖുലൂബിഹിം മറളുൻ ഫസാദഹുമുല്ലാഹ് മറളാ** എന്നു പറഞ്ഞത് അത്തരക്കാരെ കുറിച്ചാണ്. അതുകൊണ്ട് അല്ലാഹുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുന്നവരിൽപ്പെട്ടുപോകാതിരിക്കാൻ എപ്പോഴും ഭയന്നുകൊണ്ടിരിക്കുവിൻ. അല്ലാഹുവിനോട് അവന്റെ അനുഗ്രഹം തേടിക്കൊണ്ടിരിക്കുവിൻ. അല്ലാഹു സ്ഥാപിച്ച ജമാഅത്തിൽ ആരാണോ പ്രവേശിക്കുന്നത് അവൻ

അല്ലാഹുവിനോട് ഒരു ഔദാര്യവും ചെയ്യുന്നില്ല. അതിനുള്ള തൗഫീഖ് നല്കിയ അല്ലാഹുവിന്റെ ഔദാര്യമാണത്. ഒരു ജനതയെ നശിപ്പിച്ച് മറ്റൊരു ജനതയെ സൃഷ്ടിക്കാൻ കഴിവുള്ളവനാണവൻ. ഇക്കാലം ലൂത്തിന്റേയും നൂഹിന്റേയും കാലവുമായി സാദൃശ്യമുള്ളതാണ്. കഠിനമായ ഏതെങ്കിലും ശിക്ഷ വരികയും ലോകത്തെ അവസാനിപ്പിക്കുകയും ചെയ്യുന്നതിനു പകരം അല്ലാഹു തന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ട് നല്ല പരിവർത്തനം ആഗ്രഹിക്കുകയും ഈ ജമാഅത്ത് സ്ഥാപിക്കുകയും ചെയ്തു." ഈ അധ്യാപനം മനസ്സിലാക്കുക എന്നത് നമ്മുടേയും ഭാരിച്ച ഉത്തരവാദിത്തമാണ്. തൗഹീദിന്റെ യാഥാർഥ്യം മനസ്സിലാക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, നമ്മുടെ ജമാഅത്തിന് ഏറ്റവും ആവശ്യമായിട്ടുള്ളത് തങ്ങളുടെ ഉള്ളിൽ പരിശുദ്ധ പരിവർത്തനം ഉണ്ടാക്കുക എന്നതാണ്. കാരണം അവർക്ക് അല്ലാഹുവിനെ സംബന്ധിച്ച് പുതിയ അറിവ് ലഭിച്ചിരിക്കുന്നു. ദൈവജ്ഞാനം ലഭിച്ചു എന്ന വാദമുന്നയിച്ച് അതനുസരിച്ച് നടന്നില്ലെങ്കിൽ അത് വെറും പാഴ്‌വേലയാണ്. മറ്റുള്ളവരുടെ അലസത നമ്മുടെ ജമാഅത്തിനെ ബാധിക്കാതിരിക്കട്ടെ. *(ഭൗതിക ലോകത്തിന്റെ മാതൃക കണ്ടിട്ട് അവരുടെ പിന്നാലെ പോകാതിരിക്കട്ടെ).* മടി കാണിക്കാൻ ധൈര്യമുണ്ടാകാതിരിക്കട്ടെ. അവരുടെ കടുപ്പമായ ലോകസ്നേഹം കണ്ട് ഇവരും കടുപ്പമുള്ളവരാകാതിരിക്കട്ടെ. *(അല്ലാഹുവിനോടും ദീനിനോടും സ്നേഹമില്ലാത്തവരുടെ അവസ്ഥയിൽ ആകൃഷ്ടരായി അവരും കടുപ്പമുള്ളവരാകാതിരിക്കട്ടെ).* ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഒരുപാട് ആഗ്രഹങ്ങളും മോഹങ്ങളും ഉള്ളവനാണ് മനുഷ്യൻ. എന്നാൽ നിയതിനിയമത്തിന്റെ അദൃശ്യങ്ങളെ സംബന്ധിച്ച് ആർക്കാണ് അറിവുള്ളത്. മോഹങ്ങളനുസരിച്ച് ജീവിതം നടക്കുകയില്ല. മോഹങ്ങളുടെ പരമ്പര വേറെതന്നെയാണ്. നിയതിനിയമത്തിന്റെ പരമ്പര വേറെയാണ്. അതാണ് സത്യമായ പരമ്പര. അത് നിയതി നിയമത്തിന്റെ പരമ്പരയാണ്. അല്ലാഹുവിന്റെ പക്കലുള്ള മനുഷ്യന്റെ ചരിത്രം സത്യമായിട്ടുള്ളതാണ്. അതിലെന്താണ് എഴുതിയിരിക്കുന്നതെന്ന് മനുഷ്യനെന്തറിയാം. അതുകൊണ്ട് മനസ്സിനെ ഉണർത്തിയുണർത്തി ആലോചിക്കേണ്ടതാണ്. മനസ്സിനെ ഉണർത്തിയുണർത്തി ചിന്തിക്കേണ്ടതാണ്.

എപ്പോഴും ആത്മ പരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു നമുക്ക് തൗഹീദിന്റെ യാഥാർഥ്യം മനസ്സിലാക്കിത്തരുമാറാകട്ടെ. നമ്മുടെ ഓരോ കർമവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ശ്രമിക്കുന്നതാകുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London – on 16.05.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To